# ബഥേൽപത്രിക

വാല്യം 8 മർച്ച് 1995 ലക്കം 3

Behold, that thus shall the man be blessed that feareth the LORD.
(Psalms 128:4)



മലങ്കര സഭാ ഭാസുരൻ വട്ടശേരിൽ
മാർ ദീവന്നാസിയോസ്
മെത്രാപ്പോലീത്താ

ചെങ്ങന്നൂർ
മെത്രാസന
കേന്ദ്രത്തിൽ
നിന്ന് പ്രസിദ്ധ
പ്പെടുത്തുന്നത്

# ബഥേൽ പത്രിക

★

ഫെബ്രുവരി 1995



**രക്ഷാധികാരി**

**നി. വ. ദി. ശ്രീ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ**

**ഉപദേശക സമിതി**

1 ഡോ. കെ. എം. തരകൻ
2 ഡോ. സാമുവൽ ചന്ദനപ്പള്ളി
3 സഭാകവി സി. പി. ചാണ്ടി
4 റവ. ഫാ. പി. വി. ജോൺ

**പത്രാധിപ സമിതി**

1 റവ. ഫാ. പി.ജി. ജോർജ്ജ്
2 ഡയോസിഷൻ സെക്രട്ടറി (എക്സ് ഒഫീഷ്യോ)
3 റവ. ഫാ. മാത്യു വർഗീസ്
4 റവ. ഫാ. പി. സി. തോമസ്
5 റവ. ഫാ. മാത്യു കോശി
6 റവ. ഫാ. ജോൺ തോമസ്
7 കമാണ്ടർ കെ. ജി. തോമസ് (റിട്ട)
8 കെ. ജി. ദാനിയേൽ
9 കെ. കെ. ഏബ്രഹാം
10 പ്രൊഫ. റ്റി. ജെ. മാത്യു (ചീഫ് എഡിറ്റർ)

**സർക്കുലേഷൻ മാനേജർ**

എം. എ. ജേക്കബ്


## ഉള്ളടക്കം


ഇടയലേഖനം

ശിശു സഹദേനന്മാർ
പി. എം. ചാക്കോ

ധ്യാനപംക്തി
ഫാ. തോമസ് തേക്കിൽ

അവൻ നിന്റെ തല തകർക്കും
റ്റി. സി. ജോൺ

നഷ്ടസ്മൃതികൾ (കവിത)
എൽസി യോഹന്നാൻ

സുവാർത്താ വാഹകൻ
പി. എം. ചാക്കോ

പ്രാർത്ഥനയാകുന്ന സത്യവഴി
ഫാ. ജോൺ വറുഗീസ്

ഇരുളും നിഴലും
ഫാ. ജോൺ തോമസ്

ഭദ്രാസന വാർത്തകൾ

ബാലപത്രിക
ആനി ജേക്കബ്

(കുട്ടിക്കവിത) സത്യം
ചാണ്ടപ്പിള്ള പി. സാം


## ഇടയലേഖനം

വാത്സല്യ മക്കളെ,

നമ്മുടെ ഭദ്രാസനം രൂപീകൃതമായിട്ട് 1995 മാർച്ച് 10-ാം തീയതി 10 വർഷം തികയുകയാണ്. കഴിഞ്ഞ 10 വർഷം ഭദ്രാസനത്തിന്റെ നാനാമുഖമായ വളർച്ചയ്ക്ക് ദൈവം നൽകിയ കൃപയെയും പരിപാലനത്തെയും നമ്മെ ഏല്പിച്ച നിങ്ങളോടൊപ്പം നന്ദിപൂർവ്വം ഓർക്കുന്നതിനും ഈ സന്തോഷം പങ്കിടുന്നതിനുമായി പൊതുസമ്മേളനങ്ങൾ സംഘടിപ്പിക്കണമെന്നും ഏതാനും പദ്ധതികൾ ആവിഷ്കരിച്ച് പ്രാവർത്തികമാക്കണമെന്നും 21-9-94-ൽ കൂടിയ ഭദ്രാസന പൊതുയോഗം നിശ്ചയിക്കുകയുണ്ടായി നാം പൗരോഹിത്യ പദവിയിലേക്ക് പ്രവേശിച്ചിട്ട് 25 വർഷവും തികയുന്നു. ആയതിനാൽ നമ്മുടെ പൗരോഹിത്യ രജത ജൂബിലിയും ഇതിനോട് ചേർന്ന് ആഘോഷിക്കുവാനും പ്രസ്തുത പൊതുയോഗം തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് 1995 മാർച്ചുമാസം 11-ാം തീയതി ആഘോഷങ്ങളുടെ ഔപചാരികമായ ഉദ്ഘാടനവും, മെയ് മാസം 26-ാം തീയതി പൗരോഹിത്യ രജത ജൂബിലി സമ്മേളനവും 1995 ജൂലൈ 8-ാം തീയതി . ആഘോഷങ്ങളുടെ സമാപന സമ്മേളനവും നടത്തണമെന്നു 18-2-'95ൽ കൂടിയ ഭദ്രാസന പൊതുയോഗം തീരുമാനിക്കുകയുണ്ടായി. മാർച്ചുമാസം 11-ാം തീയതി ശനിയാഴ്ച രാവിലെ നിയുക്ത കാതോലിക്കാ ഭദ്രാസന ആസ്ഥാനത്ത് വി. കുർബ്ബാന അർപ്പിക്കുന്നതും ഉച്ചകഴിഞ്ഞ് 3.30 ന് പ. ബാവാ തിരുമേനി സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതുമാണ്. വിശദമായ നോട്ടീസ് പുറകാലെ അയച്ച് തരുന്നതായിരിക്കും.

ഈ ആഘോഷങ്ങളുടെ ഭാഗമായി 3 പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നുള്ള വിവരവും സന്തോഷപൂർവ്വം നാം നിങ്ങളെ അറിയിക്കട്ടെ. സാമൂഹ്യസേവന പദ്ധതിയിൽ ഉൾക്കൊള്ളിച്ച് "ഭവനദാനവും". "കാഴ്ച നൽകലും" സ്വയം തൊഴിൽ പദ്ധതിയിൽ ഉൾപ്പെടുത്തി "തയ്യൽ പരിശീലന കേന്ദ്രങ്ങളും ആരംഭിക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്.

ഭവനരഹിതരായവർക്ക് ജാതിമത ഭേദമെന്യ ഭദ്രാസ

നത്തിലുള്ള പള്ളികൾ Sponsor ചെയ്യുന്ന പക്ഷം 10000 രൂപാ ഭദ്രാസനവും 10000 രൂപാ ഇടവകയും 5000 രൂപാ ഗുണഭോക്താവും ചെലവഴിച്ച് ജൂലൈ 8 ന് മുമ്പ് ഭവന നിർമ്മാണം പൂർത്തീകരിച്ച് ജൂലൈ 8-ാം തീയതി നടക്കുന്ന സമ്മേളനത്തിൽ താക്കോൽ ദാനം നടത്തുവാൻ ആഗ്രഹിക്കുന്നു. അർഹതയുള്ളവരുടെ അപേക്ഷകൾ മാർച്ച് മാസം 20-ാം തീയതിക്ക് മുമ്പായി ഭദ്രാസന ആഫീസിൽ വികാരിയുടെ സാക്ഷ്യപത്രത്തോടൊപ്പം ലഭിച്ചിരിക്കണം. ഭവന ദാന പദ്ധതി പ്രകാരം 25 ഭവനങ്ങൾ നിർമ്മിച്ചു കൊടുക്കുവാനാണ് ആഗ്രഹിക്കുന്നത്.

വയനാട്ടിലുള്ള കാര്യമ്പാടി കണ്ണാശുപത്രിയിൽ തിമിര രോഗം ബാധിച്ചവർക്കുള്ള ശസ്ത്രക്രിയയ്ക്ക് ഒരാൾക്ക് 350 രൂപാ ചെലവ് പ്രതീക്ഷിക്കുന്നു. കുറഞ്ഞത് 100 പേർക്ക് എങ്കിലും കാഴ്ച നൽകുന്നതിനാണ് "കാഴ്ചനൽകൽ" പദ്ധതിയിൽ കൂടി നാം ആഗ്രഹിക്കുന്നത്. ഈ പദ്ധതിയിൽ 350 രൂപാ നൽകി പങ്കാളികളാകുവാൻ ഓരോ ഇടവകയിൽ നിന്നും കുറെ ആളുകളെങ്കിലും മുമ്പോട്ട് വരണം.

തൊഴിൽ രഹിതർക്കു വേണ്ടി രൂപകല്പന ചെയ്തിരിക്കുന്ന "തയ്യൽ പരിശീലന യൂണിറ്റുകൾ" ഭദ്രാസനത്തിലുള്ള ഓരോ ഡിസ്ട്രിക്ടിലും ഓരോ യൂണിറ്റ് വീതം ആരംഭിക്കുവാനാണ് നാം ആഗ്രഹിക്കുന്നത്. ഭദ്രാസനത്തിൽ നിന്നും 5 മെഷീനുകൾ ഓരോ യൂണിറ്റിനും നൽകുന്നതാണ്. യൂണിറ്റുകൾക്കാവശ്യമായ മറ്റ് ക്രമീകരണങ്ങൾ, ഏറ്റെടുത്ത് നടത്തുവാൻ ആഗ്രഹിക്കുന്ന ഇടവക ചെയ്തുകൊടുക്കേണ്ടതാണ്. മെഷീനുകൾ നമ്മുടെ ഇടവകാംഗങ്ങളുടെയും സംഘടനകളുടെയും സംഭാവനയായി പ്രതീക്ഷിക്കുന്നു. യൂണിറ്റുകൾ ആവശ്യമുള്ള ഇടവകകൾ മാർച്ചുമാസം 20-ാം തീയതിക്ക് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

നമ്മുടെ ടി പദ്ധതികൾക്കും, ആഘോഷങ്ങൾക്കും വേണ്ടി ഉദ്ദേശം 10 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് സഭാ സ്നേഹികളായ നിങ്ങളേവരുടെയും നിർലോഭമായ സഹകരണം ഈ കാര്യ



## ശിശു സഹദേൻമാർ

പി. എം. ചാക്കോ, കിടങ്ങന്നൂർ

നമ്മുടെ സഭാ പഞ്ചാംഗത്തിൽ ഡിസംബർ 27 ശിശുവധ പെരുനാൾ എന്നു രേഖപ്പെടുത്തിയിരിക്കുന്നു. നമ്മുടെ സഭയിൽ നിരവധി പെരുനാളുകളുണ്ട്. നമ്മുടെ കർത്താവിന്റെ ജീവിതത്തിലെ പ്രത്യേക സംഭവങ്ങൾ ഓർക്കുന്ന ദിവസങ്ങളെ മാറാനായ പെരുനാളുകളായി നാം ആചരിക്കുന്നു. യൽദാ, ദനഹാ, മായൽത്തോ, സുബോറോ, കൂടാരപെരുനാൾ, സുലോക്കോ, ശ്ലീബാ പെരുനാൾ തുടങ്ങിയവയാണവ. അതുപോലെ മാറാനായപോലെ ആചരിക്കേണ്ട പെരുനാളുകളും നമുക്കുണ്ട്. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ തോമ്മാ ശ്ലീഹായുടെ ദുക്റോനോ ശൂനോയോ തുടങ്ങിയവയാണവ. മാറാനായ പെരുനാളുകൾ ഞായറാഴ്ച പോലെ നാം ആചരിക്കുന്നു, അതുപോലെ തന്നെ നമ്മുടെ സഭയുടെ നില നില്പിനും സത്യവിശ്വാസ സംരക്ഷണത്തിനും വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച അനേകം വിശുദ്ധന്മാരുടെയും വിശുദ്ധമതികളുടെയും വാങ്ങിപ്പിന്റെ ദിവസങ്ങൾ നാം പെരുനാളുകളായി ആചരിക്കുന്നു, ഇങ്ങനെയുള്ളവർ അവർ ആരായാലും സഭ അവരെ ബഹുമാനിക്കുന്നു. അ

ത്തിൽ ലഭിക്കുമെന്ന് പൂർണ്ണമായി നമുക്ക് വിശ്വാസമുണ്ട്, ഭദ്രാസനത്തിലുള്ള എല്ലാ ഭവനങ്ങളുടെയും സമ്പൂർണ്ണമായ പങ്കാളിത്വം പ്രതീക്ഷിച്ചുകൊണ്ട്, വീടൊന്നിന് കുറഞ്ഞത് 10 രൂപായെങ്കിലും നൽകി ഈ ഉദ്യമത്തിൽ സഹകരിക്കണമെന്ന് സ്നേഹപൂർവ്വം നാം അറിയിക്കുന്നതോടൊപ്പം ആഘോഷങ്ങളുടെ എല്ലാ സമ്മേളനങ്ങളിലും നിങ്ങളേവരെയും സന്തോഷപൂർവ്വം നാം സ്വാഗതം ചെയ്യുകയും ചെയ്യുന്നു

ശേഷം പിന്നാലെ
ദൈവം അനുഗ്രഹിക്കട്ടെ
കർത്താവിൽ നിങ്ങളുടെ
ബലഹീനനായ
തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

1995 മാർച്ച് മാസം 3-ാം തീയതി ചെങ്ങന്നൂർ ബഥേൽ അരമനയിൽ നിന്ന്.

പ്പസ്തോലന്മാർ, ഏവൻഗേലിസ്തൻമാർ, അറിയിപ്പുകാർ, വൈദികമേലധ്യക്ഷന്മാർ, പട്ടാളക്കാർ സ്ത്രീകൾ, ബാലന്മാർ, ശിശുക്കൾ ഇങ്ങനെ സമൂഹത്തിന്റെ ഏതവസ്തയിൽ ഉള്ളവരേയും സഭ ബഹുമാനിക്കുന്നു. അവരിൽ പലരേയും വി. തുബ്ദേനിൽ നാം ഓർക്കുന്നു. പലരുടെയും നാമത്തിൽ പള്ളികളും കുരിശിൻ തൊട്ടികളും സ്ഥാപിച്ചിട്ടുണ്ട്. പലരുടെയും ഓർമ്മപെരുനാളുകൾ നാം ആചരിക്കുന്നു.

ഇങ്ങനെയുള്ള വിശുദ്ധന്മാരിൽ രക്തസാക്ഷികളും സ്വാഭാവിക മരണം പ്രാപിച്ചവരും ഉണ്ട്. ഈ വിശുദ്ധന്മാരിൽ പ്രഥമസ്ഥാനം വഹിക്കുന്നവരാണ് ശിശുസഹദേൻമാർ. നമ്മുടെ കർത്താവിനുവേണ്ടി രക്തസാക്ഷി മരണം പ്രാപിച്ച രക്തസാക്ഷികൾ. ഈ സഹദേൻമാരെപ്പററി അല്പം ചിന്തിക്കുന്നത് പ്രയോജനപ്രദമായിരിക്കും എന്നു കരുതുന്നു. നമ്മുടെ കർത്താവിന്റെ ജനനത്തെ പണ്ഡിത ലോകത്തിന് അറിവു നൽകുവാൻ പൗരസ്ത്യ ദേശത്തെ വാനശാസ്ത്രവിശാരദന്മാർ ഈ നക്ഷത്രത്തിന്റെ ഉദയം ദർശിക്കുകയും ഇതിന്റെ പൊരുൾ മനസിലാക്കുകയും ചെയ്തു. ഇത് യഹൂദന്മാർക്ക് ഒരു രാജാവ് ജനിച്ചു എന്നുള്ളതിന്റെ അടയാളമാണന്നറിഞ്ഞ അവർ ഈ ശിശുവിനെ കാണുന്നതിനും തിരുമുൽക്കാഴ്ചകൾ സമർപ്പിക്കുന്നതിനുമായി ഇറങ്ങിത്തിരിച്ചു. നക്ഷത്രം അവർക്ക് വഴികാട്ടിയായി ഉണ്ടായിരുന്നു. ഏതാണ്ട് രണ്ടുവർഷത്തെ യാത്രകൊണ്ട് അവർ യഹൂദതലസ്ഥാനമായ യെറുശലേമിൽ എത്തി, അപ്പോഴും നക്ഷത്രം ആകാശത്തിൽ ഉണ്ടായിരുന്നെങ്കിലും ഇവർ മാനുഷിക ബുദ്ധിക്കടിമകളായി രാജാവ് ജനിക്കുന്നത് രാജകൊട്ടാരത്തിൽ ആയിരിക്കുമെന്നു കരുതി അന്നത്തെ രാജാവായ ഹേരോദാവിന്റെ അടുത്തെത്തി വിവരം പറഞ്ഞു. ഹേരോദാവ് അതു കേട്ടിട്ട് അവനും യേറുശലേം ഒക്കെയും ഭ്രമിച്ചു (മത്തായി 2;3)

ഒടുവിൽ ഹേരോദാവ് യഹൂദ പണ്ഡിതന്മാരെ വിളിച്ചുവരുത്തി ചർച്ച ചെയ്തതിൽ നിന്നും ഈ ശിശു ജനിക്കുന്നത് ബേത്ലഹേമാണന്ന് മിഖാ പ്രവചനത്തിൽ നിന്നും മനസിലാക്കുകയും അവിടെക്ക് വിദ്വാന്മാരെ അയയ്ക്കുകയും ചെയ്തു. (തുടരും)



## ധ്യാനപംക്തി

**ഫാദർ തോമസ് തേക്കിൽ**

"നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്കളങ്കനുമായിരുന്നു. നോഹ ദൈവത്തോടുകൂടെ നടന്നു." ഉല്പത്തി 6:9.

വി. വേദപുസ്തകത്തിൽ ദൈവത്തോടുകൂടെ നടന്ന രണ്ട് ഭക്തന്മാരെക്കുറിച്ച് കാണാവുന്നതാണ്. ഹാനോക്കും നോഹയുമാണ് ആ ശ്രേഷ്ഠ പിതാക്കന്മാർ. 'നോഹ' എന്ന വാക്കിന്റെ അർത്ഥം 'ആശ്വസിപ്പിക്കുന്നവൻ' എന്നാണ്. ഉല്പത്തി 5:28, 29. ലാമേക്കിന് 182 വയസ്സായപ്പോൾ അവൻ ഒരു മകനെ ജനിപ്പിച്ചു. യഹോവ ശപിച്ച ഭൂമിയിൽ നമ്മുടെ പ്രവർത്തിയിലും നമ്മുടെ കൈകളുടെ പ്രയത്നത്തിലും ഇവൻ നമ്മെ ആശ്വസിപ്പിക്കുമെന്ന് പറഞ്ഞു. അവന് നോഹ എന്ന് പേർ ഇട്ടു. നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്കളങ്കനുമായിരുന്നു. ആദാം മുതൽ 10-ാം തലമുറക്കാരനായിരുന്നു നോഹ. 1ദിനവൃത്താന്തം 1:4. പിതാവായ ലാമേക്ക് നോഹയെ ദൈവ ഭക്തിയിൽ വളർത്തി. മാതാപിതാക്കൾ മക്കളെ ദൈവ ഭയത്തിൽ വളർത്തിയാൽ അവർ നഷ്ടപ്പെട്ടു പോകയില്ല. ദൈവാനുരൂപികളായി വളർത്തുമ്പോൾ അവർ മററുള്ളവരെ ആശ്വസിപ്പിക്കുന്നവരായി തീരും. മാതാപിതാക്കൾക്കും അവർ ആശ്വാസദായകരായിരിക്കും. അവർ നീതി പ്രവർത്തിക്കുന്നവരും നീതി പ്രസംഗിക്കുന്നവരും ആയിത്തീരും. 2 പത്രോ. 2;5.

### 1 നോഹ ദൈവത്തോടു കൂടി നടക്കുവാൻ ആഗ്രഹിച്ചു.

ദൈവത്തോടുകൂടെ നടന്നു. അതിനാൽ ദൈവ കൃപയും പ്രാപിച്ചു. നാം ദൈവത്തോടു കൂടെ നടക്കുവാൻ ആഗ്രഹിക്കുമ്പോൾ ദൈവീകമല്ലാത്തതിനെ വിടണം. സാത്താനെയും അവന്റെ ശക്തികളെയും നാം ഉപേക്ഷിക്കണം. അപ്പോൾ ദൈവത്തിന്റെ കൃപ നമുക്ക് ലഭിക്കും. ഭൂമിയും അതിലുള്ള സകലതും വഷളായി എന്ന് ദൈവം കണ്ടപ്പോൾ ദൈവം നോഹയെ വിളിച്ച് ജലപ്രളയത്താൽ ഞാൻ ഭൂമിയെ നശിപ്പിക്കാൻ പോകുന്നു. അതുകൊണ്ട് ഒരു പെട്ടകം ഉണ്ടാക്കുന്നതിനും ജനത്തോട് പ്രസംഗിക്കുന്നതിനുമായി

നോഹയെ ദൈവം നിയമിക്കുന്നു. ദൈവം മനുഷ്യന് ലഭ്യമാക്കുന്ന സമാധാനവും സമ്പത്തും ഐശ്വര്യങ്ങളും സ്വീകരിക്കുന്നതിനു പകരം മനുഷ്യൻ സദാ ദൈവത്തിൽ നിന്നും അകലുന്നതുകൊണ്ട് ദൈവം ദുഃഖിക്കുന്നു. വ്യഥനിറഞ്ഞ ഹൃദയത്തോടെ ദൈവം ഒരു നിശ്ചയം എടുക്കുന്നു. മനുഷ്യൻ തിരഞ്ഞെടുത്ത പരാജയം അവൻ വരിച്ചെങ്കിലേ മതിയാകൂ. നോഹ ദൈവത്തോടുകൂടെ നടന്നതുകൊണ്ട് അവനു മാത്രം ദൈവകൃപ ലഭിക്കുന്നു.

2 നോഹ നീതിമാനായിരുന്നു. അതുകൊണ്ട് പെട്ടകത്തിൽ പ്രവേശിക്കുവാനുള്ള അനുശാസനം അദ്ദേഹത്തിനു കിട്ടി. നീതിമാനെന്നാൽ ഉടമ്പടിയുടെ ബന്ധത്തോടു വിശ്വസ്തതയുള്ളവൻ അഥവാ ശരിയായ ബന്ധം പാലിക്കുന്നവൻ എന്നാണർത്ഥം. ശുദ്ധിയുള്ള (യാഗത്തിന് ഉപയോഗിക്കാവുന്ന) മൃഗങ്ങളാം ഏഴ് ജോടിയേയും അശുദ്ധ മൃഗങ്ങളാം ഓരോ ജോടിയേയും പെട്ടകത്തിൽ കയററുന്നതിന് അനുവാദം ലഭിച്ചു. ഏഴു ദിവസത്തിനകം 40 പകലും 40 രാവും നീണ്ടു നിൽക്കുന്ന പേമാരി കൊണ്ട് യഹോവ ഭൂമിയിൽ നിന്ന് സകല ജീവജാലങ്ങളേയും നശിപ്പിക്കും. എന്നാൽ നോഹയെ ദൈവം തിരഞ്ഞെടുത്തു. നോഹ യഹോവയുടെ കല്പന അനുസരിക്കുന്നു. പ്രളയം വന്നാലും മഹാമാരിവന്നാലും യഹോവ വിശ്വസ്തൻ എന്ന് നോഹ അടിയുറച്ചു വിശ്വസിച്ചിരുന്നു. പെട്ടകത്തിന്റെ വാതിൽ അടച്ചത് യഹോവയാണ്. തന്നെ സ്നേഹിക്കുന്നവരെ തന്നോടു കൂടെ നടക്കുന്നവരെ സുരക്ഷിതരായി കാത്തുകൊള്ളുമെന്ന് കാണിക്കുന്നു. നോഹ യഹോവയോട് വിശ്വസ്തനായിരുന്നു. നോഹ യഹോവക്ക് ഒരു യാഗപീഠം പണിതു. യാഗം കഴിച്ചു. യഹോവ സൌരഭ്യവാസന മണത്തു. ദൈവം തന്റെ ബലിയിൽ പ്രീതനായി. മനുഷ്യനെ ഇനി നശിപ്പിക്കയില്ലാ എന്നരുളിച്ചെയ്തു. പ്രളയ ശേഷം മനുഷ്യരാശിക്ക് സമ്പൂർണ്ണ വിനാശം വരുത്തുകയില്ലെന്ന് ഉറപ്പാകുന്നു. മനുഷ്യന്റെ അസ്ഥിരത തുടരുമെങ്കിൽത്തന്നെയും അത് അവനെ പരാജയത്തിലും നാശത്തിലും എത്തിക്കുവാൻ ഇനിമേൽ ദൈവം സമ്മതിക്കുകയില്ല. നേരെമറിച്ച് മനുഷ്യന്റെ അവസ്ഥ കണക്കിലെടുത്ത് കൊണ്ടുതന്നെ യ



## “അവൻ നിന്റെ തല തകർക്കും”

ററി. സി. ജോൺ, തുണ്ടുമണ്ണിൽ

ദൈവകല്പന ലംഘിക്കുവാൻ ഹവ്വായെ പ്രലോഭിപ്പിച്ച സാത്താനോട് ദൈവം കല്പിച്ചു. “ഞാൻ നിനക്കും സ്ത്രീക്കും, നിന്റെ സന്തതിക്കും അവരുടെ സന്തതിക്കും തമ്മിൽ ശത്രുത ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും, നീ അവന്റെ കുതികാൽ തകർക്കും. (ഉല്പത്തി 3:15), ഒരുവന്റെ തല തകർത്താൽ അവന്റെ പ്ര

---

ഹോവയുടെ ഹിതം അവന് എങ്ങനെ നിവർത്തിക്കാമെന്നുള്ളതിന് ഇവിടെ അടയാളം നൽകുന്നു. അതായത് കാലാവസ്ഥ ക്രമീകൃതമാകുന്നു. പുതുതായി താമസമാരംഭിക്കുന്ന യിസ്രായേലിന് ജീവിത വൃത്തിക്ക് ഇനിയും അതിനെ ആശ്രയിക്കാവുന്നതാണ്. മനുഷ്യർ സ്വന്ത ഇഷ്ടക്കാരാണെങ്കിലും ദൈവീകരാകുവാൻ വിമുഖരാണെങ്കിലും ദൈവം സകല സൃഷ്ടികളുടെയും പ്രത്യേകാൽ മനുഷ്യരുടെയും നന്മയ്ക്കു വേണ്ടി തിരുമനസാകുന്നവനാണെന്നു വെളിവാക്കുന്നു. ദൈവവും സൃഷ്ടിയുമായുള്ള അടിസ്ഥാന ഉഭയസമാഹതം നോഹയുടെ പേരിലാണ് സ്ഥാപിതമായത് കാരണം ദൈവത്തോടു കൂടെ നടന്നവനാണ് നോഹ. ദൈവത്തോടും മനുഷ്യരോടും അവന്റെ ബന്ധം ശ്രേഷ്ഠമായിരുന്നു.

ഭൂമിയിൽ അതിക്രമം പെരുകി. വഷളായി എന്ന് ശക്തമായ ഭാഷയിൽ ദൈവമുമ്പാകെയുള്ള അധഃപതനത്തെപ്പററിപറയുന്നു. നോഹ 120 സംവത്സരം നീതിയെക്കുറിച്ചും ദൈവത്തെപ്പററിയും പ്രസംഗിച്ചു. എന്നാൽ ആരും അത് ചെവിക്കൊണ്ടില്ല. പ്രളയം ഉണ്ടായപ്പോൾ നോഹക്ക് 600 വയസ്സായിരുന്നു. നോഹയും കുടുംബവും യഹോവയുടെ കല്പന പ്രകാരം പെട്ടകത്തിൽ കയറി രക്ഷപെട്ടു. ഭൂമിയിലുള്ള സകല ജീവജാലങ്ങളും നശിച്ചു. നോഹ 950 വയസ്സുവരെ ജീവിച്ചു ഉല്പ 9:29 നോഹ മരണം വരെ ദൈവത്തോടു കൂടി നടന്നു. നമുക്കും നോഹയെപ്പോലെ ദൈവത്തോടു കൂടി നടക്കാം. ദൈവത്തിനായി നമ്മുടെ ആരോഗ്യവും ആയുസ്സും സമ്പത്തും സകലതും ചെലവഴിക്കാം.

★

വർത്തനശേഷി നഷ്ടപ്പെടും. മരിച്ചെന്നും വരാം കുതികാൽ തകർന്നാൽ അവന് വേഗത്തിൽ സഞ്ചരിക്കാൻ കഴിയുകയില്ല. വേദപുസ്തക പ്രകാരം ഈ വചനത്തിന്റെ അർത്ഥം എന്ത് എന്നു നോക്കാം.

പാപം ചെയ്തു സാത്താന് അടിമപ്പെട്ട് മരണാധീനരായ മനുഷ്യവർഗ്ഗത്തെ വീണ്ടെടുത്ത് നിത്യജീവന് അവകാശികളാക്കുവാൻ ദൈവം ആഗ്രഹിച്ചു. അതനുസരിച്ച് മാലാഖമാരും പ്രവാചകന്മാരും മുഖാന്തിരം അവർ സാത്താനിൽ നിന്നു പിന്തിരിഞ്ഞ് ദൈവത്തിങ്കലേക്ക് വരുന്നതിന് ജനത്തെ ഉത്ബോധിപ്പിച്ചുകൊണ്ടിരുന്നു. മനുഷ്യർ ദൈവവചനം കേട്ട് അനുസരിക്കാതിരിക്കേണ്ടതിന് സാത്താൻ നിരന്തരം പ്രവർത്തിച്ചു വന്നു. യിസ്രായേൽ ജനത്തിന്റെ ചരിത്രം ഇതിന് ഉദാഹരണമാണ്. ദൈവത്തിന്റെ രക്ഷാ പദ്ധതി പൂർത്തിയാകുമ്പോൾ സാത്താന്റെ തല തകർക്കപ്പെടുമെന്നും നിത്യ ബണ്ഡനത്തിന് ഏല്പിക്കപ്പെടുമെന്നും അവന് അറിയാം.

കാലത്തിന്റെ തികവിൽ സ്ത്രീയുടെ സന്തതിയായി ദൈവ പുത്രൻ ഭൂമിയിൽ അവതരിച്ചു. ദൈവ വചനം നിവൃത്തിയാകാൻ താമസമില്ല എന്നറിഞ്ഞ സാത്താൻ ഭയപരവശനായി. ക്രിസ്തുവിന്റെ മനുഷ്യാവതാര ദൗത്യം തടയുന്നതിന് അവൻ പല വിധത്തിൽ ശ്രമിച്ചു. ഹേരോദാവ് രാജാവ് മൂലം ശിശുവായ യേശുവിനെ വധിക്കാൻ നോക്കി. എന്നാൽ മാലാഖയുടെ അറിയിപ്പു മൂലം അതു പരാജയപ്പെട്ടു. (മത്തായി 2.1-22)

എന്നാൽ യേശുവൊ, ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നു വന്നു. (ലൂക്കോസ് 2 52) എങ്കിലും യേശു ദൈവപുത്രനെന്ന് യിസ്രായേലിന് സാക്ഷ്യപ്പെടുത്തേണ്ടതായിട്ടുണ്ടായിരുന്നു. പ്രവാചകനും തപസ്വിയുമായ യോഹന്നാനെയാണ് ദൈവം അതിനായി തെരഞ്ഞെടുത്തത്. മരുഭൂമിയിൽ അവന് ദൈവത്തിന്റെ അരുളപ്പാട് ഉണ്ടായി. ജനത്തെ സ്നാനം കഴിപ്പിക്കുന്നതിന് നിയോഗിച്ചു (യോഹ. 1:31-33) ദൈവം ഇപ്രകാരം കല്പിച്ചു. ആരുടെ മേൽ ആത്മാവ് ഇറങ്ങുന്നതും വസിക്കുന്നതും നീ കാണുന്നു



വൊ അവൻ പരിശുദ്ധാത്മാവിനാൽ സ്നാനം കഴിപ്പിക്കുന്നവൻ ആകുന്നു'' എന്നാൽ യേശു സ്നാനം ഏൽക്കാൻ വന്നപ്പോൾ യോഹന്നാൻ വിലക്കി (വി. മത്തായി 3.14.16) ദൈവനീതി നിവർത്തിക്കുന്നതിന് യേശു അവനെ ഉദ്ബോധിപ്പിച്ചു. യോഹന്നാൻ അത് അനുസരിച്ചു. (മത്തായി 3:14-16). യേശു സ്നാനം ഏററശേഷം വെള്ളത്തിൽ നിന്ന് കയറി അപ്പോൾ സ്വർഗ്ഗം തുറന്ന് പരിശുദ്ധാത്മാവ് പ്രാവെന്നപോലെ ഇറങ്ങി അവന്റെ മേൽവരുന്നത് അവർ കണ്ടു (മത്തായി 3:16-17) അതുകൊണ്ട് യേശു ദൈവപുത്രൻ എന്ന് യോഹന്നാൻ സാക്ഷിക്കുകയും ചെയ്തു(യോഹ, 1:34).

യേശുവിന്റെ ഈ വിജനത്തിൽ സാത്താൻ ഭ്രമിച്ചു എങ്കിലും അവർ തന്റെ ശ്രമം ഉപേക്ഷിച്ചില്ല. മരുഭൂമിയിൽ നാല്പതു ദിവസത്തെ ഉപവാസത്തിനുശേഷം യേശുവിന് വിശന്നു. അപ്പോൾ സാത്താൻ അടുത്തു ചെന്ന് "നീ ദൈവപുത്രനെങ്കിൽ ഈ കല്ല് അപ്പമായിത്തീരുവാൻ കല്പിക്ക'' എന്നുപറഞ്ഞു. എന്നാൽ ഇതിനു തുടർന്നുള്ള പരീക്ഷകൾക്കും തക്കതായ മറുപടി കൊടുത്ത് സാത്താനെ അവിടുന്ന് പരാജയപ്പെടുത്തി (മത്തായി 4:1-11) അങ്ങനെ സാത്താൻ സകല പരീക്ഷയും തികച്ചശേഷം കുറെ കാലത്തേക്ക് അവനെ വിട്ടുമാറി. (ലൂക്കോസ് 4:13) സാത്താൻ തന്റെ പരീക്ഷ തുടർന്നത് മററുള്ളവരിൽ കൂടിയാണ്. പുരോഹിതന്മാർ, ശാസ്ത്രിമാർ, പരീശന്മാർ മുതലായവർ യേശുവിന്റെ പ്രവർത്തനങ്ങൾക്ക് ഉപരോധം സൃഷ്ടിച്ചുകൊണ്ടിരുന്നു. ഭൂമിയിൽ സ്വർഗ്ഗരാജ്യം സ്ഥാപിക്കുവാൻ വന്ന ദൈവപുത്രനെ തങ്ങളുടെ രാജാവാക്കാൻ യഹൂദ ജനം ശ്രമിച്ചു. എന്നാൽ ഇവയിലൊന്നും യേശു പരാജയപ്പെട്ടില്ല.

യേശു പന്ത്രണ്ട് അപ്പോസ്തോലന്മാരെയും പിന്നീട് എഴുപത് അറിയിപ്പുകാരെയും (ലൂക്കോസ് 9.1-10, 10.1-17) അധികാരപ്പെടുത്തി ചുററുമുള്ള ദേശങ്ങളിലേക്ക് അയച്ച് സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷം അറിയിച്ചു. അവർ വിജയികളായി തിരിച്ചെത്തിയപ്പോൾ യേശു അരുളിചെയ്തു "സാത്താൻ മിന്നൽ പോലെ ആകാശത്തുനിന്ന് വീഴുന്ന

ത് ഞാൻ കണ്ടു (ലൂക്കോസ് 10 18) ഗർവ്വിഷ്ടനായ സാത്താന്റെ അഹന്ത തകർന്നുപോയി. യേശു ക്രൂശിന്മേൽ ഉയർത്തപ്പെട്ടാൽ അനേകർ അവങ്കലേക്ക് ആകർഷിക്കപ്പെടുമെന്ന് അറിയാവുന്ന സാത്താൻ അതിന് എതിരായി പ്രവർത്തിച്ചു. യേശുവിന്റെ പ്രധാന ശിഷ്യനായ പത്രോസിനെ അതിനു കരുവാക്കി. എന്നാൽ യേശു അവനെ ശാസിച്ച് "സാത്താനെ എന്നെ വിട്ടുപോകു" എന്ന് ആജ്ഞാപിച്ചു. (മർക്കോസ് 8;31-33)

ക്രൂശിൽ മരിച്ച് കബറടക്കപ്പെടുകയും മരണത്തെ ജയിച്ചു ഉയർത്തെഴുന്നേററവനുമായ കർത്താവിനെ കണ്ട് സാത്താൻ വിറപൂണ്ടു. സ്വർഗ്ഗാരോഹണം ചെയ്തശേഷം അവൻ തന്റെ പിതാവിൽ നിന്ന് പരിശുദ്ധാത്മാവിനെ ശിഷ്യന്മാർക്ക് അയച്ചുകൊടുക്കുമെന്നുള്ളത് സാത്താന് അറിയാമായിരുന്നു. അവർ ശക്തിപ്രാപിച്ച് "രാജ്യത്തിന്റെ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിലൊക്കെയും പ്രസംഗിക്കപ്പെടും. അപ്പോൾ അവസാനം വരും." (മത്തായി 24:14) അതോടെ സാത്താന്റെ തല തകർക്കപ്പെടും എന്നും അവൻ അറിഞ്ഞിരുന്നു. അതിനാൽ അപ്പോസ്തോലന്മാർക്കും വിശുദ്ധന്മാർക്കും അവരുടെ സുവിശേഷപ്രവർത്തനത്തിനും എതിരെ അവർ പ്രവർത്തനം തുടങ്ങി. അനേകർ രക്തസാക്ഷികളായി വേദവിപരീതവും കെട്ടുകഥകളുംകൊണ്ട് ദൈവ വചനം തെററായി വ്യാഖ്യാനിക്കുവാൻ സാത്താൻ ജനത്തെ പ്രേരിപ്പിച്ചുതുടങ്ങി അവൻ കപട അപ്പോസ്തോലന്മാരായും വെളിച്ചത്തിന്റെ ദൂതന്റെ വേഷം ധരിച്ചും സത്യവിശ്വാസികളെ കബളിപ്പിക്കും. (2 കൊരി. 11;1-14) എന്ന് അപ്പോസ്തോലൻ പ്രവചിച്ചു. സഭയിൽ ഭിന്നതവരുത്തി സുവിശേഷ പ്രവർത്തനം തടസ്സപ്പെടുത്തുന്നതിന് സാത്താൻ നിരന്തരം പ്രവർത്തിച്ചുവരുന്നു. അത് അവന്റെ നില നില്പിന് ആവശ്യമാണല്ലോ. എന്നാൽ യേശു തന്റെ സ്വർഗ്ഗാരോഹണത്തിന് മുമ്പ് തന്റെ ശിഷ്യന്മാരോട് കല്പിച്ചത് ഇതാണ്. "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ" മർക്കോസ് 16:5) നാം വ്യക്തികളായും



## നഷ്ടസ്മൃതികൾ

### എൽ.ഡി യോഹന്നാൻ ശങ്കരത്തിൽ, ന്യൂയോർക്ക്

കയ്യെത്തിപ്പിടിക്കുവാ-
നാവാത്ത ദൂരത്തിലെൻ
കയ്ക്കോട്ടിൽക്കിടന്നോരു
കിടാങ്ങളെത്തിയെന്നോ
ഇന്നലെക്കഴിഞ്ഞ പോ-
ലോർമ്മകളുണരുന്നു
ഒന്നൊന്നായ് നിരക്കുന്നെൻ
മാനസദർപ്പണത്തിൽ
ചെയ്യുവാനില്ലിന്നൊന്നും
ധൃതിവച്ചുണരേണ്ട
തയ്യലാളുണർന്നിന്നു
പാലിനായ് കരയില
പിച്ചവച്ചുയരുമ്പോൾ
കാലുകൾ വേച്ചുവീണി-
ട്ടുച്ചത്തിൽ കരയുന്ന
നാദവും കേൾക്കാനില്ല
മൂത്രവിസർജ്ജ്യങ്ങളിൽ
കുഞ്ഞിളം മേനിയാണ്ട്
മാലിന്യപ്പെട്ടുവെന്ന
തത്രപ്പാടൊട്ടും വേണ്ട

---

ഇടവക ഭദ്രാസന തലങ്ങളിലും ഇതിനായിട്ട് എന്തു ചെയ്യുന്നു എന്ന് ചിന്തിക്കേണ്ടതുണ്ട്. യേശു ക്രിസ്തുവിന്റെ മേൽ ഉദ്ധരിച്ചിട്ടുള്ള ആഹ്വാനത്തിന് അനുകൂലമല്ലാതെ പ്രവർത്തിക്കുന്നവർ എല്ലാം ക്രിസ്തുവിന്റെ കുതികാൽ തകർക്കുന്ന സാത്താന്റെ സഹായികൾ ആണ എന്ന് നിസ്തർക്കം പറയാം. കാരണം ദൈവ വചനം തടയുക എന്നതാണല്ലോ കുതികാൽ തകർക്കലും. എന്നാൽ വിശുദ്ധരെ വഞ്ചിച്ച സാത്താൻ നിത്യദണ്ഡനത്തിന് ഏല്പിക്കപ്പെടും (വെളി. 20:9-10) അങ്ങനെ ദൈവ വചനം നിവൃത്തിയാകും.

★

ചെഞ്ചിളം ചുണ്ടുകാട്ടി
കണ്ണിലേക്കുററു നോക്കി
കൊഞ്ചിവിതുമ്പുന്നതും
ഓർമ്മയിൽ മാത്രമായി
വാവിട്ടു കേഴുമ്പോഴെൻ
മാറിൽച്ചേർത്തണയ്ക്കുമ്പോൾ
കൈവല്യ സംതൃപ്തിയിൽ
മയങ്ങിയുറങ്ങുമ്പോൾ
നിർവൃതിയടഞ്ഞൂ ഞാൻ
ജന്മ സായൂജ്യം നേടി
ജീവിത ധന്യതയിൽ
ദിവ്യത കല്പിച്ചതും.
''അമ്മ''യെന്നുള്ള നാദം
ഉയർത്തീ തരംഗങ്ങൾ
നിർമ്മല പ്രേമത്തിന്റെ
വാരിധീ ഗർത്തങ്ങളിൽ
''ബേബീ ഫുഡെ''രുക്കേണ്ട
''പാൽക്കുപ്പി'' നിറയ്ക്കേണ്ട
''ബേബിസിററരെ''ത്തേടി
ഓടുവാൻ വെമ്പിടേണ്ട
''മമ്മിയിന്നെങ്ങും പോകാ-
തെന്റെകൂടിരിക്കേണം
മമ്മിയില്ലാതെകൂട്ടി-
നാരു മെനിക്കുവേണ്ട.''
കൊഞ്ചിമൊഴിഞ്ഞ ചുണ്ടിൽ
മുത്തത്തിൻ മുത്തണിച്ചു
പിഞ്ചിളം ചിത്തത്തിനെ
നോവിപ്പിച്ചകന്നതും.
ഇഷ്ടഭക്ഷണത്തിന്നായ്
ശാഠ്യത്തിൽ കരഞ്ഞപ്പോൾ
''ഇഷ്ടമില്ലെങ്കിൽ വേണ്ട
വേറൊന്നും തരുന്നില്ല
നേരമില്ലൊട്ടും നിന്റെ
യിഷ്ടത്തിന്നൊരുക്കാനായ്
വേറെയും ജോലിയുണ്ട്
ശാഠ്യംകൂടുന്നു കുറേ''



അമ്മയെപ്പേടിച്ചല്പം
കഴിച്ചന്നേണീല്പതും.
അമ്മയിന്നിച്ഛപോലെ-
യൊരുക്കാൻ വെമ്പുന്നതും.
ശുണ്ഠികാട്ടിയിട്ടിഷ്ടം
സാധിപ്പാൻ കരഞ്ഞതും.
വേണ്ടതിച്ഛപോൽ നൽകി
ധൂർത്തനാക്കാൻ മടിച്ചും.
കണ്ണീരാൽ കാര്യസാദ്ധ്യം
നേടുവാൻ ശ്രമിച്ചതും.
എണ്ണമററോർമ്മകൾ തൻ
പൂത്തിരികത്തിക്കുന്നു
സ്കൂളിലേക്കയയ്ക്കാനായ്
കുളിപ്പിച്ചൊരുക്കേണ്ട
സ്കൂളിലേതൊന്നുമോർത്തു
വേവലാതിയും വേണ്ട
വേണ്ടപോൽ നേരമുണ്ട്
അലട്ടാനാരുമില്ല
വേണ്ടായിന്നവർക്കൊന്നും
കുഞ്ഞുങ്ങൾ വളർന്നുപോയ്
വിശ്രമമെന്നിയെ ഞാൻ
അർത്ഥന ചെയ്യുന്നിന്നും.
ക്ലേശങ്ങളകന്നെന്റെ
പുത്രരെക്കാക്കുവാനായ്
ദൈവമെ! നിന്നിൽ നിന്നു-
മകററാനുള്ളതൊന്നും.
താവക കാരുണ്യത്താ
ലെൻ പുത്രർക്കേകുമതേ!
നന്മയെ സ്നേഹിക്കുവാൻ
തിന്മയെ ദ്വേഷിക്കുവാൻ
സന്മാർഗ്ഗ തീക്ഷ്ണരാവാൻ
ആർത്തരെ ഉയർത്തുവാൻ
ധർമ്മത്തെപ്പുലർത്തുവാൻ
സത്യത്തെയാചരിക്കാൻ

# സുവാർത്താ വാഹകൻ

അവൻ നല്ലവൻ, നല്ലവർത്തമാനം കൊണ്ടുവരുന്നു
(2 ശമുവേൽ 18:27)

പി. എം. ചാക്കോ കിടങ്ങന്നൂർ

ദാവീദിന്റെ ജീവിതത്തിലെ ഏററവും പിരിമുറുക്കമുള്ള ദിവസമായിരുന്നു അത്. താൻ യെബൂസ്യരുടെ കൈയ്യിൽ നിന്നും പിടിച്ചെടുത്ത യേറുശലേമിൽ താൻ പണിത അരമന വിട്ടോടി കുന്നും മലയും, തോടും വയലും കടന്ന് മഹനയിമിൽ എത്തിയിരിക്കുകയാണ്. താൻ ഏററവും അധികം സ്നേഹിച്ച തന്റെ മൂന്നമത്തെ മകൻ അബ്ശാലോം തന്റെ നേരെ യുദ്ധത്തിന് പുറപ്പെട്ടിരിക്കുന്നു. താൻ തന്റെ മന്ത്രിയാക്കിയ ബുദ്ധിരാക്ഷസനായ അഹിഥോഫേൽ അബ്ശാലോമിന്റെ പക്ഷത്തു ചേർന്നിരുക്കുന്നു. തന്റെ അനന്തരവനായ അമാസായാണ് അബ്ശാലോമിന്റെ സേനാനായകൻ (2ശമു 17:25)താൻ സംരക്ഷിച്ചിരുന്ന സൈന്യത്തിൽ വലിയൊരു പങ്കും തനിക്കെതിരായി തിരിഞ്ഞിരിക്കുന്നു. അങ്ങനെ പരാജിതനും ക്ഷീണിതനുമായ ദാവീദ് മാനസികമായി തളർന്നവനായി മഹനയിമിൽ ഉള്ള തന്റെ ഭവനത്തിൽ കഴിയുകയാണ്.

മഹനയിമിൽ എത്തിച്ചേർന്ന ദാവീദ് തന്റെ കൂടെയുള്ളവരെ പരിശോധിച്ച് തിട്ടപ്പെടുത്തി. തന്റെ അനന്തരവരായ യോബായിന്റെയും അബിശായിയുടെയും ശിഷ്യനായ ഇത്ഥായിയുടെ നേതൃത്വത്തിൽ സൈനികരെ അണിനിരത്തി, അബ്ശാലോമിനെതിരെ യുദ്ധത്തിന് തന്റെ കൂടെയുള്ള സൈനികരെ അയച്ചു. സൈനികരെ പുറപ്പെടുന്നതിന് മുൻപ് ദാവീദ് സൈന്യാധിപന്മാരെ വിളിച്ച് സൈനികർ കേൾക്കെ "അബ്ശാലോം കുമാരനോട് എന്നെ ഓർത്തു കനിവോടെ പെരുമാറുവിൻ" എന്നു പ്രത്യേക ഓർമ്മിപ്പിക്കുകയും ചെയ്തു (2ശമു 18.5)

അങ്ങനെ സൈനികർ യുദ്ധക്കളത്തിലാണ്. യുദ്ധ വിവരങ്ങൾ അറിയുവാൻ ദാവീദ് ആകാംക്ഷയോടു കൂടി തന്റെ താൽക്കാലിക ഭവനത്തിൽ കഴിയുകയാണ് തന്റെ ഭാഗത്തുള്ള സൈന്യത്തിന് എന്തു പററി? തന്റെ എതിരാളിയും മകനുമായ അബ്ശാലോമിന്റെ അവസ്ഥയെന്ത്? കൂട്ടിലിട്ട വെരുകിനെപ്പോലെ ദാവീദ് അങ്ങോട്ടും ഇങ്ങോട്ടും നടക്കുകയാണ് തന്റെ അംഗരക്ഷകരായി അവിടെയുള്ളവരോട് കൂടെക്കൂടെ ആരെങ്കിലും യുദ്ധരംഗത്തുനിന്നും വരുന്നുണ്ടോ എന്നു ചോദിക്കുന്നുണ്ട്. തന്റെ ജീവിതത്തിലെ ഏററം പിരിമുറുക്കം ഉള്ള ദിവസമാണിത്. തനിക്കിനിയും യറുശലേമിൽ മടങ്ങിയെത്തി സിംഹാസനത്തിൽ ഇരുന്ന് "ദാൻ മുതൽ ബേർശേബാ വരെയുള്ള തന്റെ ജനത്തിന് രാജാവായിരിക്കുവാൻ കഴിയുമോ? എന്തൊക്കെ തെററുചെയ്താലും തന്റെ വാത്സല്യനിധിയായ അബ്ശാലോം കുമാരന്റെ അവസ്ഥയെന്ത്? തെററിദ്ധാരണകൾക്കൊ പ്രലോഭനങ്ങൾക്കൊ വശംവദരായി തന്റെ എതിരാളികളായിത്തീരുർന്ന തന്റെ സൈനികരുടെ അവസ്ഥയെന്ത്? തന്നോടുകൂറു പുലർത്തുന്ന സൈനികർ വിജയിച്ചോ പരാജയപ്പെട്ടോ വിവിധ ചിന്തകളാൽ അദ്ദേഹത്തിന്റെ മനസ്സ് കലങ്ങിമറിയുകയാണ് സകലവും ദൈവത്തിൽ ഭരമേല്പിച്ച് അദ്ദേഹം നിമിഷങ്ങൾ തള്ളിനീക്കുകയാണ്.

കലുഷിതമാനായി രണ്ടു പടിവാതിലുകളുടെ മദ്ധ്യെ ദാവീദ് ഇരിക്കുകയാണ്. കാവൽക്കാരൻ പടിവാതിലിനപ്പുറത്തുള്ള മതിലിൽ കയറി ആരെങ്കിലും വരുന്നുണ്ടോ എന്ന് ദൂരെയുള്ള സമര ഭൂ

---

കർമ്മ പ്രപഞ്ചത്തിങ്കൽ
തൃക്കയ്യിൽ കാത്തീടാനും
അച്ഛനമ്മമാർതീർക്കും
ഗാർഹസ്ഥ്യപ്പുറുമിസാ
അച്ഛസ്ഫടിക ജല-
ധാരയായ് നിലകൊൾകിൽ
ഇച്ഛപോലോടിവന്നാ
ശീതളച്ഛായ പുൽകാൻ
വാഞ്ഛിക്കും മക്കളെക്കന്നു
നിസ്വാർത്ഥ സ്നേഹതീർത്ഥം.

മിലേക്ക് നോക്കി നിൽക്കുകയാണ്. അതാ ഒരുവൻ ഓടി വരുന്നു എന്ന് കാവൽക്കാരൻ വിളിച്ചുപറഞ്ഞു. ആകാംക്ഷയോടെ ദാവീദ് ശ്രദ്ധിച്ചു. അവൻെറ ഓട്ടം മഹാപുരോഹിതനായ സാദോക്കിൻെറ മകനായ അഹിമാസിൻെറ ഓട്ടം പോലെയിരിക്കുന്നു എന്ന് കാവൽക്കാരൻ വിളിച്ചു പറഞ്ഞു അപ്പോൾ ദാവീദ്, ‘‘അവൻ നല്ലവൻ നല്ലവർത്തമാനം കൊണ്ടുവരുന്നു’’ എന്നു പറഞ്ഞു. (2 ശമുവേൽ 18 27) ആകാംക്ഷാ ഭരിതനായിരിക്കുന്ന സമയത്ത് തൻെറ അടുത്ത് വാർത്തയുമായി വരുന്നയാൾ നല്ലതൊ ചീത്തയൊ ആയ വർത്തമാനം കൊണ്ടുവരാം. എന്നാൽ വന്നയാൾ ആരാണെന്നറിഞ്ഞപ്പോൾ ദാവീദു പറയുകയാണ് ‘അവൻ നല്ലവൻ, നല്ലവർത്തമാനം കൊണ്ടുവരുന്നു’ എന്ന് ‘‘മനോവ്യസനം ഹേതുവായി മനുഷ്യൻെറ മനസ്സിടിയുന്നു ഒരു നല്ല വർത്തമാനമൊ അതിനെ സന്തോഷിപ്പിക്കുന്നു (സദൃശവാക്യം 12;25)

ഇന്ന് നമ്മെപ്പററി നമ്മുടെ പരിചയക്കാർ ഈവിധം പറയുമൊ? മനസ്സു തകർന്നവർ, രോഗത്തിൽ ആയിരിക്കുന്നവർ സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്നവർ അങ്ങനെ നമ്മുടെ പരിചയത്തിൽ ഉളള ആരുടെയും അടുത്ത് അവരുടെ വിഷമസമയത്ത് കടന്നുചെല്ലുന്ന നമ്മെപ്പററി അവർ ഇങ്ങനെ ചിന്തിക്കുമൊ? ഒരിക്കൽ ഗോത്രപിതാവായ യാക്കോബ് നിരാശയുടെ പടുകുഴിയിൽ വീണു. അവൻെറ പുത്രനായ യൗസേപ്പ് അവനു നഷ്ടപ്പെട്ടു. ശിമോനെ മിസ്രയീമിൽ ജാമ്യത്തടവുകാരനായി പിടിച്ചുവച്ചിരിക്കുന്നു ബന്യാമിനെ കൊണ്ടുചെന്നെങ്കിലെ അവനെ വിടുകയൊള്ളു നിരാശനായ യാക്കോബ് പറഞ്ഞു. നിങ്ങൾ എന്നെ മക്കളില്ലാത്തവനാക്കുന്നു യൗസേപ്പില്ല. ശിമയോൻ ഇല്ല ബന്യാമിനെയും നിങ്ങൾ കൊണ്ടുപോകും സകലവും എനിക്ക് പ്രതികൂലം തന്നെ (ഉല്പത്തി 42 36) നിങ്ങൾ എൻെറ നരയെ ദുഃഖത്തോടെ പാതാളത്തിൽ ഇറക്കുമാറാക്കും. (ഉല്പത്തി 42:38)

ഇങ്ങനെ നിരാശനായിരുന്ന യാക്കോബ് എല്ലാ പ്രതീക്ഷകളും അസ്തമിച്ച യാക്കോബ്, യൗസേപ്പ് ജീവനോടുകൂടിയിരിക്കുന്നു എന്നും തന്നെ കൊണ്ടുപോകാൻ അവൻ രഥങ്ങളെ അയച്ചിരിക്കുന്നു എന്നും ഉളള സ



ദ്വർത്തമാനം കേട്ടപ്പോൾ യാക്കോബിന് വീണ്ടും ചൈതന്യം വന്നു. (ഉല്പത്തി 45:27) അങ്ങനെ മനോവിഷമം ഉളളവൻ ജീവിത പോർക്കളത്തിൽ പോരടിച്ചു തളർന്നവർ, ആരെക്കണ്ടാൽ രക്ഷപ്പെടും എന്ന് അന്വേഷിച്ചുഴലുന്നവർ, രക്ഷതേടുന്നവർ രക്ഷകനെ തേടുന്നവർ ഇന്നും നമ്മുടെ ചുററും നിരവധിയാണ്. അവരുടെ അടുത്തേക്ക് സുവാർത്തയും ആയി കടന്നുചെല്ലുന്ന നമ്മെ ആശ്വസിപ്പിക്കാൻ എത്തുന്ന നമ്മെ കണ്ടാൽ അവർക്ക് നമ്മെപ്പററിയുളള അഭിപ്രായം എന്തായിരിക്കു ?

ആകാംക്ഷാഭരിതനായ ദാവീദ് തൻെറ പരിചയക്കാരനായ അഹിമാസിനെപ്പററി പറഞ്ഞതുപോലെ നമ്മെപ്പററി നമ്മുടെ അയൽവാസികൾ, ഇടവകക്കാർ, കൂട്ടായ്മക്കാർ, സഹവിശ്വാസികൾ പറയുമൊ? ഇത് ഇന്ന് ഓരോ വിശ്വാസിയും പ്രത്യേകിച്ച് സുവിശേഷപ്രവർത്തകർ ഓർത്തിരിക്കേണ്ട വസ്തുതയാണ്. താളമേളങ്ങളോടുകൂടി പാടുകയൊ, വാചാലമായി പ്രസംഗിക്കുകയൊ കണ്ണുനീർ ഒഴുക്കി പ്രാർത്ഥിക്കുകയൊ ചെയ്തുകൊണ്ടായില്ല. കഴിഞ്ഞ കാലങ്ങളിലെ ഇടപെടലുകളിൽ, പെരുമാററങ്ങളിൽ, കൊടുക്കൽ വാങ്ങലുകളിൽ, സംഭാഷണങ്ങളിൽ നമ്മെ അറിയുന്നവരാണ് നമ്മുടെ അയൽവാസികൾ, നമ്മുടെ സഹപ്രവർത്തകർ, അവർ നമ്മെപ്പററി അവൻ നല്ലവൻ, നല്ല വാർത്തകൊണ്ടു വരുന്നവൻ എന്നു പറയുമൊ?

ക്രിസ്തീയ ജീവിതം നയിക്കുന്നതിന് അഹിമാസ് നമുക്ക് മാതൃകയായിരിക്കട്ടെ. അബ്ശാലോമിൻെറ അപ്രതീക്ഷിതമായ ആക്രമണത്തിൽ ഭയന്നോടിയ ദാവീദിന് അഹിമാസ് ചെയ്ത സേവനങ്ങൾ, അതിനുവേണ്ടി അവൻ സഹിച്ച കഷ്ടതകൾ ഇതൊക്കെയും 2 ശമു. 17-ാം അദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ട്. അതുപോലെ ‘‘ആകയാൽ നിങ്ങൾ കർത്താവായ യേശുക്രിസ്തുവിനെ കൈക്കൊണ്ടതുപോലെ അവൻെറ കൂട്ടായ്മയിൽ നടപ്പീൻ. അവനിൽ വേരൂന്നിയും ആത്മീയവർദ്ധന പ്രാപിച്ചും നിങ്ങൾക്കുപദേശിച്ചു തന്നതിനൊത്തവണ്ണം വിശ്വാസത്താൽ ഉറച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പീൻ (കൊലോസ്യർ 2:6-7). ‘‘നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവ

# പ്രാർത്ഥനയാകുന്ന സത്യവഴി

ഫാ. ജോൺ വറുഗീസ്

ഹൃദയ നുറുക്കത്തോടു കൂടിയ പ്രാർത്ഥന ഫലം തരാതിരിക്കുകയില്ല. ഒരു മനുഷ്യനിലെ ത്രിവിധ ഘടകങ്ങളാകുന്ന ശരീരം, മനസ്സ്, ആത്മാവ് ഇവ മൂന്നും കൂടി ഒത്തൊരുമിച്ച് ചേരുക, ഒത്തൊരുമിച്ച് ചേർക്കുകയെന്നതത്രെ പ്രാർത്ഥനയുടെ വിജയം. പലർക്കും അസാദ്ധ്യമായ ഒന്നാണ് ഇത്.

ഇതൊരു കഠിന പ്രയത്നം തന്നെയാണ്. ഇവ മൂന്നും ഒത്തൊരുമിച്ച് പ്രവർത്തിക്കുമ്പോൾ ഏകാഗ്രതയും ഹൃദയനുറുക്കവും ഉളവാക്കുകയും അത് ദൈവത്തെ പ്രസാദിപ്പിക്കുകയും ചെയ്യുന്നു. ഹൃദയത്തെ സ്പർശിക്കുന്നത് ശരീരത്തെയും മനസ്സിനെയും സ്പർശിക്കാതിരിക്കുകയില്ല.

---

നോടുകൂടി തേജസ്സിൽ വെളിപ്പെടും. (കൊലോ. 3 4)

വിവിധ ചിന്തകൾക്കതീതനായിരുന്ന ദാവീദ് വിവരം അറിയിക്കുവാൻ ഓടി വരുന്ന ദൂതൻ സാദോക്കിന്റെ മകനായ അഹിമാസാണെന്നറിഞ്ഞപ്പോൾ പറഞ്ഞ അഭിപ്രായം നമ്മെപ്പററിയും പറയാൻ ഇടയാകട്ടെ. ഒരു പുതുവത്സരത്തിലേക്ക് പ്രവേശിക്കുന്ന നാം ഒരു പുതിയ തീരുമാനത്തോടും പ്രതിഷ്ഠയോടും കൂടി മുന്നേറുവാൻ അഹിമാസ് നമുക്ക് മാതൃകയായിരിക്കട്ടെ.

അഹിമാസിന് ദാവീദിനെ അറിയിക്കുവാൻ ഉണ്ടായിരുന്ന ദൗത്യം ദാവീദിനെ സംബന്ധിച്ചിടത്തോളം അത്യന്തം ദുഃഖകരമായിരുന്നു. എന്നാൽ അത് ബോധപൂർവ്വം ദാവീദിൽ നിന്നും മറച്ചുവയ്ക്കാൻ അഹിമാസിനു കഴിഞ്ഞു. ശ്രദ്ധയോടുകൂടി വാക്കുകൾ കൈകാര്യം ചെയ്യുന്നതിനുള്ള അഹിമാസിന്റെ കഴിവ് നമുക്കും അനുകരണീയമാണ്. അഹിമാസിൽ കണ്ട ഈ യോഗ്യതകളൊക്കെ നമുക്കും കൈവരിക്കാം. അഹിമാസിനെപ്പററി ദാവീദ് പ്രതികരിച്ചതു പോലെ നമ്മെപ്പററിയും നമ്മുടെ പരിചയക്കാർ പ്രതികരിക്കട്ടെ.

☆



ദൈവീക കൃപ നമ്മിലേക്ക് കടന്നുവരണം എങ്കിൽ സമത്വവും സഹകരണവും ഉണ്ടായെങ്കിലെ പററുകയുള്ളു. അതിന്റെ കുറവു മൂലം പലപ്പോഴും ദൈവകരങ്ങൾ തടസ്സപ്പെട്ടുപോകുന്നു. തമ്മിലുള്ള സമത്വവും സഹകരണവും ഉണ്ടാകുമ്പോൾ ദൈവകരങ്ങൾ സ്വതന്ത്രമാക്കപ്പെടുന്നു അപ്പോൾ മാത്രമെ സർവ്വസമ്പൂർണ്ണനായ ദൈവത്തിന് സർവ്വവും സമ്പൂർണ്ണമായി നല്കുവാൻ കഴിയുകയുള്ളു.

പ്രാർത്ഥന എന്നു പറയുന്നത് ദൈവവുമായുള്ള സഹകരണമാണ്. പ്രാർത്ഥനയിൽകൂടി നമ്മുടെ ആഗ്രഹങ്ങളും ജീവിതേച്ഛയും ദൈവവുമായി നിരപ്പാക്കപ്പെടുകയുള്ളു. എന്നിട്ട് നാം ഒന്നിച്ച് ദൈവവുമായി പ്രവർത്തിക്കുന്നു അതാണ് പ്രാർത്ഥന. നമ്മുടെ ആവശ്യങ്ങൾ ആഗ്രഹങ്ങൾ എന്നിവ നിവർത്തിക്കുന്നതിന് ദൈവത്തെ പ്രേരിപ്പിക്കുന്നതല്ല പ്രാർത്ഥന. നമ്മുടെ ഇഷ്ടവും ദൈവീക ഇഷ്ടവും ഒന്നിപ്പിക്കുന്നതാണ് പ്രാർത്ഥന. അതയത് നമ്മുടെ സ്വയത്തെ ദൈവത്തിന്റെ സ്വയവുമായി ഒന്നിപ്പിക്കുന്നതാണ് പ്രാർത്ഥന. നമ്മുടെ ജീവിത ശുദ്ധീകരണത്തിനും തീരുമാനത്തിനുമായി ദൈവമുമ്പാകെ സമർപ്പിക്കുക. അതു നമ്മെ മുഴുവനായും ശുദ്ധീകരിക്കുന്നു. ശുദ്ധീകരണം കൂടാതെ ആരും ദൈവത്തെ കാണുന്നില്ല. കാണാൻ കഴിയുകയും ഇല്ല. നമ്മുടെ ബലഹീനത ദൈവശക്തിയിൽ പരിപൂർണ്ണമായി സമർപ്പിച്ചുകഴിയുമ്പോൾ അത് സർവ്വശക്തിയായിത്തീരുന്നു. പ്രാർത്ഥിക്കാൻ പഠിക്കുന്നവർ ജീവിക്കാൻ പഠിക്കുന്നു എന്നാണ് പറയുന്നത്.

ദൈവം നമ്മോടു പറയുന്ന ഒരു കാര്യം നിങ്ങൾക്ക് ഒരു ചുമതലയുണ്ട്. അതേ ഒററ ചുമതലയെ ഉള്ളു. ഞാനുമായി ഐക്യത്തിൽ ജീവിക്കുക ദൈവവുമായി ഐക്യത്തിലാണ് യാഥാർത്ഥ ഫലം നേടാൻ കഴിയുന്നത്. നിസ്വാർത്ഥമായ പ്രാർത്ഥനയിൽക്കൂടി ദൈവവുമായി ഐക്യപ്പെടുന്നു. ആ ഐക്യത്തിൽക്കൂടിയാണ നാം ദൈവവുമായി ഒന്നാകുന്നത്.

## പ്രാർത്ഥന ഒരു യാഥാർത്ഥ്യമാകണം

യാഥാർത്ഥ്യമായി പ്രാർത്ഥിക്കുന്ന ഒരു വ്യക്തി

ക്ക് നല്ല ഒരു മുഖം ഉണ്ടായിരിക്കുന്നു. അതിന്റെ പിന്നിൽ ഒരു ഉത്തമ ജീവിതം കാണുന്നു. അവർക്കാണ് യഥാർത്ഥത്തിൽ ശക്തിയും വിശുദ്ധിയും, സമാധാനവും ഉള്ളത്. ദൈവത്തിനായി കാത്തിരിക്കുന്നവന്റെ സമയം നഷ്ടമാകുന്നില്ല. "ഞാൻ യഹോവയ്ക്കായി കാത്തിരിക്കുന്നു. കഷ്ടങ്ങളിൽ അവൻ ഏററവും അടുത്ത തുണയായിരിക്കുന്നു" (സങ്കീ: 40 1) മണവാളൻ എപ്പോൾ വന്നാലും അവനുമായി അകത്തു പ്രവേശിക്കുവാനുള്ള ഭാഗ്യമാണ് അവർക്കുള്ളത്.

പ്രാർത്ഥനയിലെ പരാജയം ജീവിതത്തിലെ പരാജയം ആകുന്നു. ദൈവവുമായി ബന്ധപ്പെടുവാൻ കഴിയുന്നതിലൂടെ മാത്രമെ യഥാർത്ഥ ആത്മവിശ്വാസം നേടാൻ കഴിയൂ. ഒരു യുവാവ് അനേകം തകർച്ചകളിലൂടെ കടന്നുപോകേണ്ടി വന്നു. തന്റെ തകർച്ചയുടെ കാരണത്തിന് ഒരു ഡോക്ടർ കൊടുത്ത മറുപടി "വീട്ടിൽ ചെന്ന് മുട്ടിപ്പായി ദൈവത്തോട് പ്രാർത്ഥിക്കുക" എന്നതായിരുന്നു എന്റെ ദൈവവും രക്ഷകനുമായവനെ ഞാൻ ഇനിയും വാഴ്ത്തും. (സങ്കീ. 43:6)

ദൈനംദിന ജീവിത യഥാർത്ഥ്യങ്ങളുമായി ഏററുമുട്ടണം എങ്കിൽ പ്രാർത്ഥന എന്ന വാൾ ആവശ്യമാണ്. ഒരുവന്റെ ജീവിതത്തിൽ അടുക്കും ചിട്ടയും ഉണ്ടാകണമെങ്കിൽ പ്രാർത്ഥനയാകുന്ന അച്ചടക്കം ആവശ്യമാണ്.

കപ്പലിന്റെ അടിത്തട്ടിൽ കിടന്ന് പ്രാർത്ഥിച്ച യോനയുടെ പ്രാർത്ഥന, നിലവിളി ദൈവം കേട്ടു. കാരണം കടലും, കരയും, ആകാശവും സൃഷ്ടിച്ചവന് മാത്രമെ അവന്റെ നിലവിളി കേൾക്കുവാൻ കഴിയുകയുള്ളൂ. കർമ്മേലിൽ വച്ച് ഏലിയായുടെ പ്രാർത്ഥന ദൈവം കേട്ടു. ദൈവിക ശക്തി ഇറങ്ങി വന്ന് അവന്റെ ബലി സ്വീകരിച്ചു.

"പ്രാർത്ഥന എന്നത് ശൈശവത്തിലെ ഉത്സാഹവും യൗവ്വനത്തിലെ ആശ്രയവും വാർദ്ധക്യത്തിലെ സമാധാനവും ആകുന്നു" (പരുമലത്തിരുമേനി) ഈശ്വര പ്രാർത്ഥന എന്നത് ഈ ലോകത്തെ ദൈവത്തിന്റെ തൃപ്പാദത്തിൽ സമർപ്പിക്കുന്നതാകുന്നു. ലോകത്തിലുള്ള വലിയ മഹാന്മാരുടെ



ജീവിതം നാം പരിശോധിക്കുകയാണെങ്കിൽ പ്രാർത്ഥനയിൽ അധിഷ്ടിതമായിരുന്നു എന്ന് കാണാൻ കഴിയുന്നു.

## പ്രാർത്ഥന സത്യത്തെ സ്വീകരിക്കലാണ്

സത്യത്തെ സ്വീകരിക്കുന്നതാണ് പ്രാർത്ഥന. നമ്മുടെ ജീവിത സൗകര്യങ്ങളുടെ കേന്ദ്രത്തിലേക്ക് ദൈവം വരുന്നത് ദൈവത്തെ സ്വീകരിക്കുന്നതിലൂടെയാകുന്നു. സംഘർഷം നിറഞ്ഞ മനുഷ്യ ജീവിതത്തിന്റെ അകത്തളങ്ങളിൽ അതിനെ മാററിവച്ചെങ്കിൽ മാത്രമെ ഈ പ്രാർത്ഥനയെ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. കുശവന്റെ കൈയ്യിലെ കളിമൺപോലെ നാം ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിതമായെങ്കിലെ സ്വീകരിക്കലിന്റെ അനുഭവം യാഥാർത്ഥ്യമാകുകയുള്ളൂ. അതു വഴി ദൈവത്തിന്റെ അനുയോജ്യമായ പാത്രങ്ങളായി തീരാൻ കഴിയുകയുള്ളൂ.

"യഹോവ നല്ലവനെന്ന് രുചിച്ചറിയുവിൻ. മിണ്ടാതിരുന്ന് ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾക" (സങ്കീ. 46 19) ദൈവത്തിന്റെ സന്നിധിയിൽ മിണ്ടാതിരിക്കുന്ന അനുഭവത്തിൽക്കൂടി നാം ദൈവത്തെ സ്വീകരിക്കുന്നു. ദൈവവുമായി സംസാരിക്കുന്നു. അതുവഴി ശക്തി പ്രാപിക്കുന്നു. പുതിയ വ്യക്തിത്വങ്ങളായി രൂപാന്തരപ്പെടുന്നു.

## പ്രാർത്ഥന ക്രിയാത്മകമാകണം

മനുഷ്യ ജീവിതം ക്ഷണികമാണ്. അത് ചെറുതാണ്. ചെറുതും ക്ഷണികവുമായ ജീവിതം മഹത്തായ ജീവിതത്തെ സ്പർശിക്കുമ്പോൾ അതു സജീവമായി തീരുന്നു. വേദപുസ്തകം പറയുന്നു "അതികാലത്ത് ഇരുട്ടോടെ അവൻ എഴുന്നേററ് പുറപ്പെട്ട് ഒരു നിർജ്ജന സ്ഥലത്തുചെന്ന് പ്രാർത്ഥിച്ചു" (മർക്കോസ് 1: 35-36) ദൈവവുമായുള്ള നിശ്ശബ്ദതയിൽ നിഷ്ക്രിയരാകുന്നവരാണ് ലോകത്തിലെ ഏററവും കർമ്മ നിരതരായ ആളുകൾ, ഒരു വിശുദ്ധനായ മനുഷ്യൻ പറയുന്നു, ഒരാൾക്ക് ഉല്പാദിപ്പിക്കുവാൻ കഴിയുന്ന ഏററവും ശക്തമായ ഊർജ്ജ രൂപം പ്രാർത്ഥനയാണ്. പ്രാർത്ഥനയില്ലാത്തവൻ ആധിയോടെ, ആകുല ചിന്തയോടെ പതറുന്നു. ഒരുവനെ ക്രി

# ഇരുളും നിഴലും
## കണ്ണീരിന്റെ വഴികൾ

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

അനസ്യൂതമായ സ്തോത്രങ്ങളും കണ്ണീരിൽ കുതിരുന്ന പ്രാർത്ഥനകളും പുത്തൻ ആദ്ധ്യാത്മികതയായി

സ്തുവിങ്കലേക്ക് ഉയർത്തുന്നത് പ്രാർത്ഥനയെന്ന ഗോവേണിയിൽക്കൂടിയാകുന്നു. ''ദൈവമെ! ഞങ്ങളെ അങ്ങയിലേക്ക് ഉയർത്തേണമെ സർവ്വശക്തനിൽ നിന്ന് നമുക്ക് മറുപടിലഭിക്കണം. എങ്കിൽ കൈകൾ ഉയർത്തി മുട്ടിപ്പായി പ്രാർത്ഥിക്കുക. വികൃതവും, ആത്മാർത്ഥതയില്ലാത്തതുമായ പ്രാർത്ഥനയ്ക്ക് ഫലം ലഭിക്കുകയില്ല. നിങ്ങൾ ദൈവത്തോടുകടപ്പെട്ടിരിക്കുന്നിടത്തോളം അവനും നിങ്ങളോട് കടപ്പെട്ടിരിക്കും.
(2 ദിന. 15:2)

ഏതു മനുഷ്യനെയും രൂപാന്തരപ്പെടുത്തുന്നതാണ് പ്രാർത്ഥന. ജീവിതമൂല്യങ്ങൾ അയഞ്ഞു തുടങ്ങുമ്പോൾ പ്രാർത്ഥനയാകുന്ന യജ്ഞം മൂലം മുറുക്കുവാൻ കഴിയണം. ക്രിസ്തു നിർജ്ജന പ്രദേശത്തുപോയി തനിയെ പ്രാർത്ഥിച്ചത് ഏതു പ്രവർത്തനത്തിന്റെയും മുമ്പും പിമ്പും പ്രാർത്ഥന ആവശ്യമാണെന്നുള്ളതുകൊണ്ടാണ്. ''അവൻ ജനക്കൂട്ടത്തിൽ നിന്നും ഒഴിഞ്ഞുമാറി പ്രാർത്ഥിച്ചു. (ലൂക്കോസ് 5:15-16) ഒരിക്കലും പ്രാർത്ഥന പരാജയപ്പെടുന്നില്ല. കാരണം അത് ഉയർന്നതാണ്. അതുവഴി നാം ദൈവത്തിലും ദൈവം നമ്മിലും വസിക്കുന്നു. ക്രിസ്തുവിന്റെ കാൽവറിയാഗം മൂലം ഉള്ള രക്തം നമ്മിലേക്ക് പ്രവഹിക്കുന്നതു മൂലമാണ് നാം ജീവനുള്ള ദേഹിയായിത്തീരുന്നത്.

### പ്രാർത്ഥിക്കാം

ദൈവമെ! ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കേണമെ. സമൃദ്ധിയായ ജീവൻ ഞങ്ങൾക്ക് നീ നൽകേണമെ. ഒരു പുതിയ ജീവിതം ഞങ്ങൾക്ക് നൽകേണമെ. സന്തോഷമയവും ഉണർന്നിരുന്ന് പ്രാർത്ഥിക്കുന്നവരായി ഞങ്ങളെ ആക്കിത്തീർക്കേണമെ. ദാവീദുരാജാവിനെപ്പോലെ നിർമ്മലമായ ഹൃദയം എനിക്കു തരേണമെ. നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ പുതുക്കേണമെ.

★



വളരുന്നു. ആദ്ധ്യാത്മികതയുടെ മഹാസമ്മേളനങ്ങളിൽ കണ്ണീരിന്റെ തരംഗം സൃഷ്ടിക്കുന്ന പ്രവണത ശക്തമല്ലേ?

എന്താണീ കണ്ണീർ........?

യഥാർത്ഥമായ അനുതാപത്തിന്റേതാണോ?

ജീവിതത്തെ ഞെരിച്ചമർത്തുന്ന സങ്കീർണ്ണതകളുടേതാണോ?

പ്രാർത്ഥനയിൽ സ്വന്തം ജീവിതം കണ്ടെത്തുമ്പോഴുണ്ടാകുന്നതാണോ ഈ കണ്ണീർ?

അതോ, ജീവിതത്തിന്റെ രൂക്ഷമായ പ്രശ്നങ്ങൾ പ്രാർത്ഥനാ സമയത്ത് ഓർക്കുമ്പോഴുള്ള വൈകാരിക പ്രകടനമാണോ?

വേദനകൾ കണ്ണീരായി അടർന്നു വീഴുന്നു!

എങ്കിലും ജീവിത ക്രമത്തിൽ മാററമോ, പുതിയ ചലനാത്മകതയോ സൃഷ്ടിക്കുന്നില്ല. കണ്ണീരിൽ കുതിരുന്ന ഇത്തരം പ്രാർത്ഥനകൾക്ക് എന്തുകൊണ്ടാണ് ജീവിതത്തെ രൂപാന്തരപ്പെടുത്തുവാൻ കഴിയാതെ പോകുന്നത്?

ജെയിംസ് ബെൽനെയ്ലിന്റെ 'ദാവീദും ശലോമോനും' എന്ന കവിത രണ്ട് വ്യക്തിത്വങ്ങൾ പുതുക്കപ്പെടുന്ന അനുഭവം വിവരിക്കുന്നു.

''ദാവീദു രാജാവും ശലോമോൻ രാജാവും അനേകം ദാസിമാരാലും ഭാര്യമാരാലും ആഹ്ളാദകരമായി ജീവിച്ചു വാദ്ധ്യക്യത്തിൽ മാനസികമായി തളർന്ന് പശ്ചാത്തപിച്ച് വിലപിച്ചതിനാൽ ദാവീദ് രാജാവ് സങ്കീർത്തനവും ശലോമോൻ രാജാവ് സദൃശ്യവാക്യങ്ങളും രചിച്ചു.

ഇത് യഥാർത്ഥ പശ്ചാത്താപത്തിന്റെ മാതൃകയാണ്. ജീവിതത്തിന്റെ സമഗ്രമായ പുതുക്കമാണ്. കണ്ണീരിന്റെ പ്രതിഫലനമാണ് സങ്കീർത്തനവും സദൃശ്യവാക്യങ്ങളും. വിലാപത്തിന്റെ സ്വപ്നങ്ങളാണ് ജീവിതത്തെ പുനഃക്രമീകരിച്ചവർ പുതുക്കത്തിലേക്കുള്ള വഴികൾ തെളിക്കുന്നു.

### തെററും ശരിയും

തെററും ശരിയും വിവേചിച്ചറിയുമ്പോഴുള്ള മാനസികാവസ്ഥയാണ് പശ്ചാത്താപം. ഇത് ധാർമ്മികവും സാന്മാർഗ്ഗികവുമായ ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ബോധ്യവും നന്മ

യിലേക്കു തിരിയുന്ന അനുഭവമാണ്,, 'ഇതാ എന്റെ പാപാവസ്ഥയെ തിരിച്ചറിഞ്ഞ് ഉറക്കത്തിൽ നിന്നെന്നപോലെ ഞാൻ ഉണർന്നിരിക്കുന്നു വി കുമ്പസാരത്തിനു മുമ്പുള്ള ഒരുക്കസമയത്തെ ഈ പ്രാർത്ഥന അർത്ഥവത്താകുന്നത് പാപാവസ്ഥ തിരിച്ചറിയുമ്പോഴാണ് കുററബോധത്തിനുയാഥാർത്ഥമായ ആന്തരരൂപവും അയഥാർത്ഥമായ ബാഹ്യരൂപവുമുണ്ട്. ആന്തരരൂപമാണ് മനസ്താപത്തിലേക്ക് നയിക്കുന്നത് ഇവിടെ മനസ്സ് പരിവർത്തനത്തിനു വിധേയപ്പെടുന്നു എന്നാൽ അയഥാർത്ഥമായ ബാഹ്യരൂപം യഥാർത്ഥ കുററബോധമല്ല. അന്യനെ തൃപ്തിപ്പെടുത്തുന്നതിനുള്ള കാപട്യമാണത്. ഇതിൽ ആത്മീയതയില്ല.

1. അനുതപിക്കാൻ ആഗ്രഹിക്കുന്നെങ്കിലും സമ്മതിക്കാത്ത അഹങ്കാര മനസ്സ്
2. അനുതാപം നാളേക്ക് മാററിവച്ച് പിഴ നിലനിർത്തുന്ന അനുഭവം

ഇവ സാധാരണമാണെങ്കിലും മിക്കവരും ഇവ ബോധപൂർവം മനസ്സിൽ സൃഷ്ടിക്കുന്നു.

ക്രിസ്തീയ ജീവിതം പശ്ചാത്താപത്തിലേക്കു നയിച്ചുകൊണ്ടിരിക്കുന്ന പ്രവണതയാണ്. അതുവഴി മനസ്സ് രൂപാന്തരപ്പെടുകയും പക്വമാകുകയും ചെയ്യുന്നു. വിനയം, പരിപാകത, ദയ, സ്നേഹം നീതി എന്നിവ മനസ്സിൽ സന്നിവേശിപ്പിച്ചാൽ യഥാർത്ഥ്യത്തെക്കുറിച്ച് ബോധ്യംവരും. അത് പശ്ചാത്താപത്തിലേക്ക് നയിക്കും.

## അനുതപിക്കുന്ന തലമുറയോ?

മാധ്യമ സംസ്കാര (media culture) ത്തിന്റെ അതിപ്രസരം പശ്ചാത്താപമുള്ള തലമുറയെയല്ല സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. വൈരാഗ്യവും ക്രോധവും മനസ്സിലൊതുക്കി പ്രതികാരത്തിനായി ദാഹിക്കുന്ന ആത്മാക്കളെയാണ് അനുദിനം കണ്ടുമുട്ടുന്നത്. ഈ പുതിയ തലമുറയെ ക്രിസ്തീയ സന്മാർഗ്ഗീയ സന്ദേശ (?) ങ്ങൾക്ക് സ്വാധീനിക്കുവാൻ കഴിയുമോ? അനുതാപവും കുററബോധവും കണ്ടെത്തുന്ന 'തലമുറ'യോ? സ്വയം നീതികരണം കണ്ടെത്തുന്ന, അഹന്തയുടെ മൂടുപടം ഉരിഞ്ഞുമാററി നന്മയുടെ ഹൃദയവുമായി വിശുദ്ധിയിലേക്ക് ഉയരുവാൻ കഴിയണം. (തുടരും)



## ഇരുളും നിഴലും

(26-ാം പേജിൽ നിന്നും തുടർച്ച)

പ്രവാചക ശബ്ദം കേട്ടപ്പോൾ രാജ സിംഹാസനത്തിൽ നിന്നിറങ്ങി രാജവസ്ത്രം നീക്കിവച്ച് അനുതപിച്ച (യോഹ. 3:6) രാജാവിന്റെ 'മനോഭാവ'മാണ് നമുക്കുണ്ടാകേണ്ടത്. പ്രവാചകത്വം രാജ്യത്ത് പ്രതിധ്വനിക്കുമ്പോൾ അവ 'ഹൈക്കമാൻഡിനു' വിട്ട് ചർച്ചയ്ക്കായി കാത്തിരിക്കുന്ന 'അധികാരവർഗ്ഗം' അവരുടെ അനുയായികളും നാടിന്റെ ശാപം! 'രാജവസ്ത്രം' ഉപേക്ഷിച്ച് സിംഹാസനത്തിൽ നിന്നും ഇറങ്ങുവാൻ 'നമുക്ക്'' കഴിയുമോ? യഥാർത്ഥമായ പശ്ചാത്താപം ഹൃദയത്തിൽ രൂപപ്പെടുവാൻ:-

### 1 ആത്മാവബോധം സൃഷ്ടിക്കുക.

നിർമ്മല മനസാക്ഷിയോടുള്ള ആത്മപരിശോധനയാണിത്. സ്വയം മനസ്സിലാക്കുവാനും കുററങ്ങൾ കണ്ടുപിടിച്ച് പരിഹരിക്കപ്പെടുവാനുമുള്ള ആത്മാർത്ഥമായ ബോധ്യമാണ്. ക്രമീകൃതമായ പരിശീലനത്തിൽക്കൂടി മാത്രമേ ഇത് സാധ്യമാകൂ. ഓരോ ദിവസവും ആത്മപരിശോധന നടത്തി കുറവുകൾ കണ്ടെത്തുക. സ്വയം പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ച് മനസിനെ പരുവപ്പെടുത്തുക. സത്യത്തിനും നീതിക്കും ധർമ്മത്തിനും സാക്ഷിയായിത്തീരാൻ തക്കവണ്ണം ബോധത്തെ ക്രമപ്പെടുത്തുക യഥാർത്ഥമായ ആത്മാവബോധം കണ്ണീരിന്റെയും തിരിച്ചറിവിന്റെയും അനുഭവമാണ്.

(ലൂക്കോസ് 15:21)

### 2 ആദ്ധ്യാത്മിക ചിന്തയുണർത്തുക.

മനുഷ്യഗാത്രത്തെ ശുദ്ധീകരിക്കുന്നത് അർത്ഥവത്തായ ആദ്ധ്യാത്മികതയിലാണ്. ബുദ്ധിയിലും മനസിലും ഹൃദയത്തിലുമേററ ദുഷ്ടതയെ കഴുകി വെടിപ്പാക്കുന്ന പ്രക്രിയയാണിത്. പ്രത്യേക ഗണത്തിലോ അവസരത്തിലോ മാത്രമുണ്ടാകേണ്ടതല്ല. അനസ്യൂതം മനസിനെ ഉയരങ്ങളിലേക്കുയർത്തണം. അപ്പോൾ ലഭ്യമാകുന്നത് അനുതാപ ഹൃദയമായിരിക്കും. പ്രാർത്ഥനയും ആരാധനയും ഇതിന് മുഖാന്തിരമാകുന്നു. ആദ്ധ്യാത്മിക ചിന്തകൾ മനസിനെ എപ്പോഴും സ്വാധീനിച്ചുകൊണ്ടിരിക്കണം. (തുടരും)

## ഭദ്രാസന വാർത്തകൾ

### മൂന്നുനോമ്പും വസന്തരാസയും

ഈ വർഷത്തെ മൂന്നു നോമ്പ് പൂർവ്വാധികം ഭംഗിയായി മെഴുവേലി വലിയ പള്ളിയിൽ ആചരിച്ചു. ഫെബ്രുവരി 6, 7, 8 തീയതികളിൽ സന്ധ്യാ നമസ്കാരത്തെ തുടർന്ന് വർണ്ണവിളക്കുകളും കത്തിച്ച മെഴുകുതിരികളും ഏന്തി ബ. വികാരി വ. ദി. ശ്രീ. എം. ജി. ഏബ്രഹാം കോർ എപ്പിസ്കോപ്പായുടെ നേതൃത്വത്തിൽ ഇടവകയുടെ ഓരോ ഭാഗങ്ങളിൽ വസന്ത റാസ നടത്തി. 7-ാം തീയതി രാവിലെ നടത്തിയ ധ്യാനയോഗത്തിൽ ഇടവകയിലെ ആഭ്യന്തര സുവിശേഷ പ്രവർത്തകർ പ്രസംഗിച്ചു.

### സംയുക്ത സമ്മേളനം

മെഴുവേലി ഹോളി ഇന്നസെൻറ് ഓർത്തഡോക്സ് ഇടവകയിൽ പ്രവർത്തിച്ചുവരുന്ന നാല് സണ്ടേസ്കൂളുകളിലെ അദ്ധ്യാപക അദ്ധ്യേതാക്കളുടെയും സംയുക്ത സമ്മേളനം ഫെബ്രുവരി 5-ാം തീയതി പള്ളിയിൽ വച്ച് ഇടവക വികാരി വ. ദി. ശ്രീ എ. ജി. ഏബ്രഹാം കോർ എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു പന്തളം ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ ശ്രീ കെ. ജി. ദാനിയേൽ, ശ്രീ. പി. എം. ചാക്കോ, ശ്രീ പി. എസ്. തോമസ്, ക്യാപ്റ്റൻ പി. സി. മാത്യു എന്നിവർ പ്രസംഗിച്ചു. സെൻട്രൽ സണ്ടേസ്കൂൾ അദ്ധ്യാപകൻ ശ്രീ പി. സി ചാക്കോ സ്വാഗതവും, അസോസിയേഷൻ സെക്രട്ടറി സാജൻ ജോർജ് കൃതജ്ഞതയും പറഞ്ഞു.

### വനിതാ സമാജം വാർഷിക സമ്മേളനം

ചെങ്ങന്നൂർ ഭദ്രാസന മർത്തമറിയം വാർഷിക സമ്മേളനം ഫെബ്രുവരി 26 ാം തീയതി കുരമ്പാല സെൻറ് തോമസ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. "സഭയിൽ സ്ത്രീകൾക്കുള്ള സ്ഥാനം" എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഫാ റ്റി. ജെ. ജോഷ്വാ ക്ലാസ്സെടുത്തു. ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനം അഭിവന്ദ്യ സഖറിയാ മാർ അന്തോനിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. റവ. ഫാ. മാത്യു വറുഗീസ്, റവ. ഫാ. ജോസ് പെരുമാൾ, വെരി. റവ. പി. ജി. ജോർജ് കോർ എപ്പിസ്കോപ്പാ, ശ്രീമതി മറിയാമ്മ സാമുവൽ എന്നിവർ പ്രസംഗിച്ചു. ഇടവക വികാരി റവ. ഫാ. മാത്യു കോശി സ്വാഗതവും ശ്രീമതി മറിയാമ്മ ചാക്കോ കൃതജ്ഞതയും പറഞ്ഞു.



### സംയുക്ത വാർഷികം

ചെങ്ങന്നൂർ സെൻറ് ഇഗ്നേഷ്യസ് കത്തീഡ്രൽ ഇടവകയിലെ വിവിധ ആദ്ധ്യാത്മിക സംഘടനകളുടെ സംയുക്ത വാർഷികം ഫെബ്രുവരി 19 ന് നടത്തപ്പെട്ടു. ഇടവക വികാരി റവ ഫാ കെ ജി ചെറിയാൻെറ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം ഡോ. യാക്കോബ് മാർ ഐറേനിയസ് എപ്പിസ്കോപ്പാ ഉദ്ഘാടനം ചെയ്തു. റവ. ഫാ. പി. വി. ജോൺ, സിസ്റ്റർ മറിയം ജോർജ്, ശ്രീ പി. സി. ജോസഫ്, ശ്രീ. വി. ഐ. തോമസ്, ശ്രീ ജേക്കബ് ഉമ്മൻ, ശ്രീമതി ജെസി തോമസ്, ശ്രീമതി മറിയാമ്മ ചാക്കോ എന്നിവർ പ്രസംഗിച്ചു. സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ റ്റി. ഇ. ജോസഫ് സ്വാഗതവും പ്രാർത്ഥനായോഗം ജനറൽ സെക്രട്ടറി ശ്രീ. സി. ജേക്കബ് കൃതജ്ഞതയും പറഞ്ഞു. പ്രൊഫ. റ്റി. ജെ. മാത്യു സമ്മാനദാനം നിർവ്വഹിച്ചു.

### സുറിയാനി പരിശീലനം

സെൻറ് എഫ്രേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് മാർച്ച് 27 ാം തീയതി തിങ്കളാഴ്ച മുതൽ ഒരു സുറിയാനി ഇൻറൻസീവ് കോഴ്സ് നടത്തപ്പെടുന്നതാണ്. 7 ആഴ്ചക്കാലം നീണ്ടു നിൽക്കുന്ന ഈ പഠന പദ്ധതി വഴി സുറിയാനി ഭാഷ വായിക്കാനും മനസ്സിലാക്കാനും തർജ്ജുമ ചെയ്യാനും സാധിക്കും സുറിയാനി പാരമ്പര്യത്തിലെ പ്രധാനപ്പെട്ട പദങ്ങളും ആശയങ്ങളും പരിചയപ്പെടുത്തുക ഈ കോഴ്സിൻെറ ഒരു പ്രത്യേകതയായിരിക്കും.

ഈ പ്രാവശ്യത്തെ സുറിയാനി പരിശീലന കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് (School of Distant

Education ന്റെ (M. G University) സർട്ടിഫിക്കേറ്റ് ലഭിക്കുന്നതാണ്. ആവശ്യമുള്ളവർക്ക് താമസ സൗകര്യം ഏർപ്പെടുത്തുന്നതാണ്. വിശദവിവരങ്ങൾക്കായി ബന്ധപ്പെടുക. സെക്രട്ടറി, സീരി, ബേക്കർഹിൽ, കോട്ടയം-686 001 ടെലിഫോൺ 0481/564 333.

## സിൽവർ ജൂബിലിയും കൺവൻഷനും

തോട്ടപ്പുഴ മാർ ഗ്രീഗോറിയോസ് പള്ളിയുടെ സിൽവർ ജൂബിലിയാഘോഷവും പാരിഷ്ഹോൾ കൂദാശയും കൺവൻഷനും പെരുന്നാളും ഫെബ്രുവരി 5 മുതൽ 12 വരെയുള്ള തീയതികളിൽ നടത്തപ്പെട്ടു. നിരണം ഭദ്രാസനാധിപൻ ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് എന്നീ തിരുമേനിമാർ നേതൃത്വം നൽകി. റവ. മദർ ശൈമോ, റവ. ഡീക്കൻ ജയ് സഖറിയാ, റവ. ഫാ. ജോർജ് പി എബ്രഹാം, റവ. ഫാ. മാത്യു കോശി, ശ്രീ. കെ കെ എബ്രഹാം, റവ. ഫാ. പി. സി തോമസ്, റവ. ഫാ. ജോർജ് പുലിക്കോട്ടിൽ എന്നിവർ വിവിധ ദിവസങ്ങളിൽ പ്രസംഗിച്ചു. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന ജൂബിലി സമ്മേളനം നിയമസഭാ സ്പീക്കർ ശ്രീ. പി. പി. തങ്കച്ചൻ ഉദ്ഘാടനം ചെയ്തു. പ്രൊഫ. പി. ജെ കുര്യൻ, ജോസഫ് എം. പുതുശ്ശേരി, റവ. എ പി ജേക്കബ്, റവ ഫാ. തോമസ് തേക്കിൽ, റവ. ഫാ. സി കെ. മാത്യൂസ് എന്നിവർ പ്രസംഗിച്ചു. ഞായറാഴ്ച നടന്ന ആത്മീയ സംഘടനാ വാർഷികത്തിൽ വെരി. റവ. പി. ജി. ജോർജ് കോർ എപ്പിസ്കോപ്പാ മുഖ്യാതിഥി ആയിരുന്നു.

---

## ചെങ്ങന്നൂർ ഭദ്രാസന ദശ വത്സരാഘോഷവും അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമനസ്സിലെ പൗരോഹിത്യ രജത ജൂബിലിയും

**1995 മാർച്ച് 11 മുതൽ ജൂലൈ 8 വരെ**

എല്ലാവരുടെയും സാന്നിദ്ധ്യ സഹകരണങ്ങൾ ക്ഷണിച്ചുകൊള്ളുന്നു.

---





# ബാലപത്രിക

ആനി ജേക്കബ് ചാരുനിൽക്കുന്നതിൽ

സ്നേഹമുള്ള കൂട്ടുകാരെ,

പലപ്പോഴും നാം മററുള്ളവരെ പല കാര്യത്തിലും ഉപദേശിക്കാറുണ്ട്. എന്നാൽ നമ്മുടെ ജീവിതത്തിൽ നടപ്പാക്കാൻ ശ്രദ്ധിക്കാറുമില്ല. ഒരു കഥ പറയാം.

കടൽക്കരയിൽ രണ്ടു ഞണ്ടുകൾ നടക്കുകയായിരുന്നു അമ്മയും മകളും. പലതും സംസാരിച്ചു നടക്കവേ പെട്ടെന്ന് ഞണ്ടമ്മയ്ക്ക് ദേഷ്യം കയറി.

''എന്താടി പെണ്ണേ നിന്റെ നടപ്പു വളരെ മോശമാണല്ലോ. നിനക്കു മററു മൃഗങ്ങളെപ്പോലെ ശരിക്കും മുമ്പോട്ടു നടന്നുകൂടെ!

അമ്മയുടെ അമ്പരപ്പുമാററിക്കൊണ്ട് അവൾ ഉടനെ ചോദിച്ചു.

പക്ഷേ അമ്മേ, അമ്മയല്ലേ എന്നെ നടത്തം പഠിപ്പിച്ചത്. അമ്മയെ നോക്കിയാണ് ഞാൻ ഇതു പഠിച്ചത്. ഇപ്പോൾ എന്നെ എന്തിനു കുററം പറയുന്നു? ഏതായാലും എനിക്ക് ഇനിയും ഇത് മാററാൻ പ്രയാസമാണ്. നിർബന്ധമെങ്കിൽ മുന്നോട്ടു നടക്കുന്നത് എങ്ങനെയെന്ന് അമ്മതന്നെ ഒന്നുകാണിച്ചുതരു. ഞാനും ശ്രമിക്കാം.''

ഈ വാക്കുകൾ കേട്ട് അമ്മയുടെ മുഖം വിളറി മകൾ പറഞ്ഞത് ശരിയാണെന്നു വിചാരിച്ചു.

കൂട്ടുകാരെ നാം മററുള്ളവരെ നല്ല കാര്യങ്ങൾ ഉപദേശിക്കുമ്പോൾ ആദ്യം നമ്മുടെ ജീവിതത്തിൽ അവ പ്രായോഗികമാക്കുവാൻ ശ്രമിക്കണം.. അല്ലെങ്കിൽ അവരുടെ മുമ്പിൽ ഇളിഭ്യരാകേണ്ടിവരും.

സ്നേഹപൂർവ്വം ആനിചേച്ചി

Regd. No R. N. 44684/87 Regd. No. G/KL/TLA/71

BETHEL PATHRIKA

കുട്ടിക്കവിത

## ബാലപത്രിക

### സത്യം

ചാണ്ടിപ്പിള്ള പി. സാം

സത്യം സത്യം സത്യം സത്യം
സത്യം ചെയ്യാനെത്രയെളുപ്പം!
എന്നാലോർക്കുക കൂട്ടരെ നിങ്ങൾ
സത്യം ജീവിതനിഷ്ഠയതാണോ ?
സർവ്വേശൻ തൻ കല്പനയതിലും
സത്യത്തിൻ മാറ്റേറ്റീടുന്ന
കളവായ്പറയും കളിവാക്യങ്ങളു
മോർക്കുക കല്പന ലംഘനമെന്ന്
ചെറുപ്രായത്തിൽ ചെറുകളവുകളെ
തലോലിച്ചാലതു വലുതാകും
സത്യം ജീവിത നിഷ്ഠയതായിൽ
അഷ്ടിക്കുരിയരിയെങ്ങും കിട്ടും
സത്യത്തെപ്പാലിക്കുന്നോർക്കിഹ
സത്യത്തിൽ പ്രഭു തുണയായ് നിൽക്കും
ആകയാലെന്നും സത്യം മാത്രം
സത്യം മാത്രം നമ്മൾക്കെന്നും

★

Printed and published by Fr. P. G. George
on behalf of H. G. Thomas Mar Athanasios at
PHILIPS PRINTERS CHENGANNUR Editor Fr. P. G. George